*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshvj@gmail.com

208th Issue - Volume 5, No.41 **ജാഗ്രത** 28th October 2011

"കണ്ടാലും! എത്ര വലിയ സ്നേഹമാണു പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്നു നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും."

(യോഹന്നാൻ–3: 1)



St. Jude Thaddaeus

## പ്രധാന വാർത്തകൾ

**മതങ്ങളുടെ പേരിലുള്ള ഭീകരത മതത്തിന്റെ നാശത്തിന്: ബനഡിക്ട് പതിനാറാമൻ മാർപാപ്പ**

**മതേതരത്വത്തിനെതിരെ ക്രൈസ്തവ ഐക്യമുണ്ടാകണം: ചാൻസിലർ മെർക്കൽ**

**ഭാരതീയ സംസ്കാരം പണിയായുധങ്ങളെ പോലും ആദരിക്കുന്നു: മാർ തോമസ് ചക്യത്ത്**

**വിശ്വാസം ലോകത്തിന് പകർന്നേകുകയാണ് സഭയുടെ ലക്ഷ്യം: ആർച്ച്ബിഷപ് ജോർജ് കോച്ചേരി**

**മനുഷ്യനന്മയിൽ കേന്ദ്രീകൃതമായ ആഗോള സാമ്പത്തികക്രമം ഇന്നിന്റെ ആവശ്യം: ആർച്ച് ബിഷപ് പെനാക്കിയോ**

**സാമൂഹ്യസേവനം സഭയുടെ മുഖമുദ്ര: മാർ ജോസഫ് പള്ളിക്കാപറമ്പിൽ**

**വിശ്വാസ- സ്നേഹ കൂട്ടായ്മയിൽ ജീവിക്കണം: മാർ ജേക്കബ് മനത്തോടത്ത്**

**വിദ്യാഭ്യാസം സമഗ്രവ്യക്തിത്വത്തിലേക്കു നയിക്കണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**

## ജാഗ്രതാ വാർത്ത

**കുറ്റകൃത്യനിരക്കിൽ കേരളം ഒന്നാമത്**

## ചരിത്ര ജാഗ്രത

**ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ**

## വാരാന്ത്യവീക്ഷണം

**പാഠപുസ്തകത്തിലെ പ്രത്യയശാസ്ത്രം**

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Josey Ponnambal MSFS

## മതങ്ങളുടെ പേരിലുള്ള ഭീകരത മതത്തിന്റെ നാശത്തിന്: ബനഡിക്ട് പതിനാറാമൻ മാർപാപ്പ

അസീസിയിൽ വിവിധ മതവിഭാഗങ്ങളുമായുള്ള ചർച്ചയ്ക്കിടെയുള്ള പ്രസംഗത്തിനു ശേഷം ബനഡിക്ട് പതിനാറാമൻ മാർപാപ്പയെ സ്വീകരിച്ചപ്പോൾ. മതത്തിന്റെ പേരിൽ അരങ്ങേറുന്ന ഭീകരത മതവിശ്വാസങ്ങൾക്കും പഠനങ്ങൾക്കും വിപരീതമാണെന്നും ആത്യന്തികമായി അത് മതത്തിന്റെ നാശത്തിലേക്കു നയിക്കുമെന്നും ബനഡിക്ട് പതിനാറാമൻ മാർപാപ്പ. കാലംചെയ്ത പോപ്പ് ജോൺ പോൾ രണ്ടാമൻ 1986ൽ നടത്തിയ ലോകമത സമ്മേളനത്തിന്റെ രജതജൂബിലിയുടെ ഭാഗമായി വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജന്മസ്ഥലമായ അസീസിയിൽ ചേർന്ന സമ്മേളനത്തിൽ വിവിധ മതങ്ങളിൽപ്പെട്ട 300-ലേറെ നേതാക്കളെ അഭിസംബോധന ചെയ്യുകയായിരുന്നു മാർപാപ്പ. ആക്രമണങ്ങളും ഭീകര പ്രവർത്തനങ്ങളും മിക്കപ്പോഴും അരങ്ങേറുന്നത് മതത്തിന്റെ പേരിലാണ്. ധാർമിക നിയമങ്ങൾ ലംഘിച്ചുള്ള ഇത്തരം ആക്രമണങ്ങളെ ന്യായീകരിക്കാൻ മതത്തിനുണ്ടാകുമെന്ന് അവകാശപ്പെടുന്ന 'നന്മയെയാണ് ഇത്തരക്കാർ കൂട്ടുപിടിക്കുന്നതെന്നും മാർപാപ്പ പറഞ്ഞു.

ഇത് മതങ്ങളുടെ അന്തസ്സത്തയ്ക്കു നേരെ വിപരീതമാണ്. അൻപതിലേറെ മുസ്‌ലിം പണ്ഡിതർ, യഹൂദ പുരോഹിതന്മാരായ റബ്ബിമാർ, ഹിന്ദു, ബുദ്ധ, ജൈന, സിഖ്, ബഹായി, താവോയിസം, കൺഫ്യൂഷനിസം, സൊറാസ്ട്രിയനിസം, ആഫ്രിക്കയിലെയും അമേരിക്കയിലെയും പരമ്പരാഗത മതങ്ങൾ തുടങ്ങിയവയിൽനിന്നുള്ള പ്രതിനിധികൾക്കു പുറമേ നാല് നിരീശ്വരവാദികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ചരിത്രഗതിക്കിടെ ക്രൈസ്തവർ ദൈവത്തിന്റെ പേരിൽ അതിക്രമങ്ങൾ നടത്തിയെന്നതു ലജ്ജയോടെ താൻ അംഗീകരിക്കുന്നു. ഈ അതിക്രമങ്ങൾ ക്രൈസ്തവ വിശ്വാസത്തെ അപമാനിക്കുകയായിരുന്നുവെന്നു വളരെ വ്യക്തമാണ്. അക്രമങ്ങളുടെയും ഭിന്നിപ്പിന്റെയും പുതിയ മുഖങ്ങൾ ഇവിടെക്കൂടിയിരിക്കുന്ന നാമെല്ലാവരും കൂടുതൽ വ്യക്തതയോടെ മനസ്സിലാക്കേണ്ടിയിരിക്കുന്നുവെന്നും പാപ്പ ഉദ്ബോധിപ്പിച്ചു.

കത്തോലിക്കാ സഭയുടെ ചരിത്രപരമായ തെറ്റുകൾക്ക് ജോൺപോൾ രണ്ടാമൻ നടത്തിയ മാപ്പപേക്ഷയിൽനിന്നു പ്രചോദനമുൾക്കൊണ്ടാണ് ബനഡിക്ട് പതിനാറാമനും അതിക്രമങ്ങൾക്കു മാപ്പപേക്ഷിച്ചത്. സമ്മേളനത്തിൽ നിരീശ്വരവാദികൾ പങ്കെടുക്കുന്നതിൽ കത്തോലിക്കരിലെ മൗലികവാദികൾ എതിർപ്പു പ്രകടിപ്പിച്ചിട്ടുണ്ട്.

## മതേതരത്വത്തിനെതിരേ ക്രൈസ്തവ ഐക്യമുണ്ടാകണം: ചാൻസിലർ മെർക്കൽ



മതേതതരത്വം വലിയ മുന്നേറ്റങ്ങൾ നടത്തുന്ന ഈ കാലഘട്ടത്തിൽ ക്രൈസ്തവ ഐക്യം സുപ്രധാനമെന്ന് ജർമൻ ചാൻസിലർ അംഗല മെർക്കൽ. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ജർമൻ സന്ദർശനത്തിനു മുന്നോടിയായി സംസാരിക്കുകയായിരുന്നു അവർ. മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ട ശേഷം ബനഡിക്ട് പതിനാറാമൻ ഇതാദ്യമാണ് ജന്മനാട് സന്ദർശിക്കുന്നത്.

## ഭാരതീയ സംസ്കാരം പണിയായുധങ്ങളെ പോലും ആദരിക്കുന്നു: മാർ തോമസ് ചക്യത്ത്



പണിയായുധങ്ങളെ പോലും ആദരിക്കുകയും വണങ്ങുകയും വേണമെന്ന് നിഷ്കർഷിക്കുന്ന ലോകത്തിലെ ഏക സംസ്കാരമാണ് ഭാരതത്തിന്റേതെന്ന് എറണാകുളം-അങ്കമാലി അതിരൂപത സഹായ മെത്രാൻ ബിഷപ് മാർ തോമസ് ചക്യത്ത് പറഞ്ഞു. ചാവറഫെസ്റ്റ് 2010 നോടനുബന്ധിച്ച് അരങ്ങേറിയ അത്യപൂർവങ്ങളായ 34 നാടൻ കലാരൂപങ്ങളുടെ ദൃശ്യസമുച്ചയം സിഡി രൂപത്തിൽ പുറത്തിറക്കുന്നതിന്റെ ഉദ്ഘാടനം എറണാകുളം-അങ്കമാലി അതിരൂപത മെത്രാസന മന്ദിരത്തിൽ നടന്ന ചടങ്ങിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പലരും ഉപയോഗം കഴിഞ്ഞാൽ വലിച്ചെറിയുന്ന വസ്തുക്കളാണ് പണിയായുങ്ങൾ. എന്നാൽ മറ്റെല്ലാ പ്രവർത്തികൾക്കും അവധി നല്കി അവയെ ആദരിക്കാൻ ഒരു ദിവസം തന്നെ ഭാരതീയർ കണ്ടെത്തുന്നു. ഭൂമിയിൽ പ്രവേശിക്കുന്നതിനു മുമ്പ് അതിനെ തൊട്ടു വന്ദിക്കുന്ന പതിവും ഇന്ത്യയിലല്ലാതെ മറ്റെങ്ങുമില്ല. നമ്മുടെ സമൂഹത്തിന്റെ സാംസ്കാരിക വേരുകൾ നഷ്ടപ്പെടാതെ സൂക്ഷിക്കാനുളള ബാധ്യത ഈ തലമുറയിലെ എല്ലാവർക്കുമുണ്ട്. അതു വരുംതലമുറയ്ക്ക് പകർന്നു നല്കാനുള്ളതാണ്. മനുഷ്യർ പരസ്പരം ആദരിക്കുകയും സേവിക്കുകയും വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ള ഒരു സംസ്കൃതി ക്ഷയിക്കാതെ കാത്തു സൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകരുകയും വേണം. നാടൻ കലകൾ നമ്മുടെ സംസ്കാരത്തിന്റെ അടിസ്ഥാനങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇത്തരം കലകളുടെ ദൃശ്യാവിഷ്കാരങ്ങളുടെ ശേഖരം അടുത്ത തലമുറയ്ക്ക് ഏറെ പ്രയോജനകരമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എല്ലാ കലകളിലും ഈശ്വരാംശമുണ്ടെന്ന് സിഡി പ്രകാശനം ചെയ്തുകൊണ്ട് പത്മഭൂഷൻ കാവാലം നാരായണ പണിക്കർ പറഞ്ഞു. മതവും ഭക്തിയുമായി താദാത്മ്യം പ്രാപിച്ചതാണ് ഭാരതീയ കലകൾ. താളം പഠിപ്പിക്കലാണ് കേരളത്തിലെ പല അനുഷ്ഠാന കലകളുടേയും അടിസ്ഥാനം. കലാകരനിലെ ഈഗോയുടെ തലയ്ക്ക് പ്രവഹരിക്കുന്നതാണ് ഈ താളം പഠിപ്പിക്കൽ. കേരളത്തിൽ മുൻ കാലങ്ങളിൽ കർഷകർക്ക് നല്കിയിരുന്ന പാട്ടുകൂലി ഇവർക്ക് വലിയ

പ്രോത്സാഹനമായിരുന്നു. തലമുറകളിലൂടെ നിരവധി പാട്ടുകൾ കൈമാറിയെത്താൻ ഇത് സഹായകരമായിട്ടുണ്ട്. എന്നാൽ പാട്ടിന്റെ പേരിൽ ഇവരെ ചൂഷണം ചെയ്യുകയാണെന്ന് ആരോപണമുർന്നതോടെ പാട്ടുകൂലി നിർത്തലാക്കി. അതോടെ കുറേയേറെ മികച്ച നാടൻ പാട്ടുകൾ നമുക്ക് നഷ്ടമായി. ക്രയവിക്രയം ചെയ്യാൻ സാധിക്കാത്ത സ്വത്താണ് ഈ കലകളെന്ന് യുനെസ്കോ പറഞ്ഞപ്പോഴാണ് മുടിയേറ്റിനേയും മറ്റും നമ്മൾ തിരിച്ചറിഞ്ഞത്. കേരളീയ കലകളുടെ ആകെത്തുക നാട്യശാസ്ത്രത്തിലുള്ളതിനേക്കാൾ സമ്പന്നമാണ്. രണ്ടായിരം വർഷം പഴക്കമുള്ള പ്രകടന കലകളും ഇതിൽ ഉൾപ്പെടുന്നു. ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് ഈ സാസ്കാരിക പൈതൃകമാണ്. മറ്റു മേഖലകളേയും പുഷ്കരമാക്കാൻ ഇതു കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

**വിശ്വാസം ലോകത്തിന് പകർന്നേകുകയാണ് സഭയുടെ ലക്ഷ്യം: ആർച്ച്ബിഷപ് ജോർജ് കോച്ചേരി**

അടിയുറച്ച വിശ്വാസം ലോകത്തിനു പകർന്നേകി ദൈവീകതയുടെയും നന്മയുടെയും തലങ്ങളിലേയ്ക്ക് സമൂഹത്തെ കൈപിടിച്ചുയർത്തുകയാണ് സഭയുടെ ലക്ഷ്യമെന്ന് ആഫ്രിക്കയിലെ, സിംബാവെയിലെ വത്തി ക്കാൻ സ്ഥാനപതി മാർ ജോർജ് കോച്ചേരി. കാഞ്ഞിരപ്പള്ളി രൂപതാ എട്ടാം പാസ്റ്ററൽ കൗൺസിലിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കുട്ടികൾ എത്രവേണമെന്നു തീരുമാനിക്കാനുള്ള ദമ്പതിമാരുടെ അവകാശത്തെ നിയമംകൊണ്ട് കൂച്ചുവിലങ്ങിടുന്നത് ക്രൂരതയാണ്. ചൈനയെക്കാൾ കിരാതമായ ചിന്തകൾ കേരളത്തിലുണ്ടാവുന്നത് ഉത്ക്കണ്ഠ ഉളവാക്കുന്നതും വേദനാജനക വുമാണ്. ഇത്തരം നിയമനിർമാണത്തിനെതിരെ സമൂഹമന: സാക്ഷി ഉണരണം. സഭയോടൊപ്പം ജീവിക്കാനും ചിന്തിക്കാനുമുള്ള ഉത്തരവാദിത്വം അല്മായർ നിർവഹിക്കണം. സഭയെ പൊതുസമൂഹത്തിൽ മോശമായി ചിത്രീകരിക്കാൻ ചിലസഭാവിരുദ്ധ ശക്തികൾ നടത്തുന്ന കുത്സിതശ്രമങ്ങൾക്കെതിരെ സീറോ മലബാർ സഭ അല്മായ കമ്മീഷന്റെ അവസരോചിതമായ പ്രതികരണങ്ങൾ അഭിനന്ദാർഹമാണെന്നും മാർ കോച്ചേരി സൂചിപ്പിച്ചു. രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കഴിഞ്ഞ മൂന്നുവർഷമായി രൂപതയുടെ വളർച്ചയ്ക്ക് നിസ്വാർഥ സേവനങ്ങൾ നൽകിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ മാർ മാത്യു അറയ്ക്കൽ അഭിനന്ദിച്ചു. സമൃദ്ധമായ ദൈവാനുഗ്രഹത്തിന്റെ ദിനങ്ങളിൽ കൂടുതൽ വളർച്ചയും ഉയർച്ചയും കൈവരിക്കുവാൻ സാധിച്ചത് കൂട്ടായ പരിശ്രമം ഒന്നുകൊണ്ടുമാത്രമാണെന്ന് മാർ അറയ്ക്കൽ സൂചിപ്പിച്ചു.

**മനുഷ്യനന്മയിൽ കേന്ദ്രീകൃതമായ ആഗോള സാമ്പത്തികക്രമം ഇന്നിന്റെ ആവശ്യം: ആർച്ച്ബിഷപ് പെനാക്കിയോ**

മനുഷ്യനന്മയായിരിക്കണം എല്ലാ വികസനപ്രക്രിയകളുടേയും അടിസ്ഥാനമെന്നും മാനുഷിക പരിഗണനയോടെയുള്ള സാമ്പത്തികക്രമമായിരിക്കണം ലോകം ലക്ഷ്യം വയ്ക്കേണ്ടതെന്നും ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സാൽവത്തോറെ പെനാക്കിയോ. സംസ്കാരങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിലും ബാംഗളൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയും ധർമാരാം വിദ്യാക്ഷേത്രവും സംയുക്തമായി സംഘടിപ്പിച്ച അന്തർദേശീയ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉപവിയിലും നീതിയിലും അധിഷ്ഠിതമായ സുസ്ഥിതിനിറഞ്ഞ സമൂഹം പടുത്തുയർത്തുക എല്ലാവരുടേയും കടമയാണെന്നും ആർച്ച്ബിഷപ് പെനാക്കിയോ പറഞ്ഞു.

**സാമൂഹ്യസേവനം സഭയുടെ മുഖമുദ്ര: മാർ ജോസഫ് പള്ളിക്കാപറമ്പിൽ**



സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്കും സാമ്പത്തികക്ലേശം അനുഭവിക്കുന്നവർക്കും ആശ്വാസം പകരുന്ന സ്നേഹത്തിലധിഷ്ഠിതമായ സേവനശുശ്രൂഷ സഭയുടെ മുഖമുദ്ര യാക്കണമെന്നു മാർ ജോസഫ് പള്ളിക്കാപറമ്പിൽ. എകെസിസി പാലാ രൂപതാകമ്മിറ്റി ആവിഷ്കരിച്ചിരിക്കുന്ന 'സാമൂഹ്യനീതി സേവനത്തിലൂടെ' എന്ന പദ്ധതിയുടെ മേഖലാതല ഉദ്ഘാടനം മീനച്ചിൽ പള്ളി പാരീഷ്ഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ബിഷപ്. വിദ്യാഭ്യാസ-ആതുര സേവന രംഗങ്ങളിൽ സഭ ചെയ്തുവരുന്ന പ്രവർത്തനങ്ങളുടെ സദ്ഫലങ്ങൾ നാടിനാകെ പുരോഗതിക്കു കാരണമായതായും നന്മ ചെയ്യുമ്പോഴും നേരിടേണ്ടിവരുന്ന വിമർശനങ്ങൾ സഭയ്ക്കു കൂടുതൽ കരുത്തു പകരുന്നതായും ബിഷപ് ചൂണ്ടിക്കാട്ടി.

**വിശ്വാസ- സ്നേഹ കൂട്ടായ്മയിൽ ജീവിക്കണം: മാർ ജേക്കബ് മനത്തോടത്ത്**



ആദിമ ക്രൈസ്തവസമൂഹത്തെപ്പോലെ സ്നേഹത്തിലും കൂട്ടായ്മയിലും ജീവിക്കണമെന്ന് പാലക്കാട് രൂപത ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഉത്ബോധിപ്പിച്ചു.കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോനതലത്തിൽ സാൻതോം പാരിഷ് ഹാളിൽ സംഘടിപ്പിച്ച കുടുംബകൂട്ടായ്മാഭാരവാഹികളുടെ നേതൃത്വപരിശീലന സെമിനാർ ഉദ്ഘാടനംചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. വിശ്വാസത്തിൽ ഉറച്ച സ്നേഹമുള്ളിടത്തേ

കൂട്ടായ്മയുണ്ടാകൂ. നമ്മുടെ പ്രവൃത്തികൾ വിശ്വാസത്തിന് യോജിച്ചതാകണം.വിശ്വാസം പ്രവൃത്തികളിൽകൂടിയാണ് കാണിച്ചുകൊടുക്കേണ്ടത്. എങ്കിലേ യഥാർഥ ക്രൈസ്തവ ജീവിതമാകൂ. കുടുംബകൂട്ടായ്മകൾ ശക്തിപ്പെടുത്തി ക്രിസ്തുവിന്റെ സ്നേഹം ഉൾകൊണ്ട് ജീവിക്കണം.ഇതിലൂടെ കർത്താവിന് സാക്ഷികളാവണമെന്നും ബിഷപ് കൂട്ടിച്ചേർത്തു.

## വിദ്യാഭ്യാസം സമഗ്രവ്യക്തിത്വത്തിലേക്കു നയിക്കണം : മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്



സമഗ്രതയുള്ള വ്യക്തിത്വത്തിലേക്കു വിദ്യാർഥികളെ നയിക്കുന്നതാകണം വിദ്യാഭ്യാസമെന്ന് എറണാകുളം - അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് പറഞ്ഞു. സ്നേഹവും കരുണയും സേവനമനോഭാവവും ആർജിച്ചെടുക്കുമ്പോഴാണു പഠനജീവിതം കൂടുതൽ അർഥപൂർണ്ണമാകുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിരൂപതാ ശതാബ്ദി വർഷ സ്മാരകമായി ഏർപ്പെടുത്തിയ വിദ്യാഭ്യാസ സ്പോൺസർഷിപ്പ് പദ്ധതിയിലെ ഈ വർഷത്തെ സ്കോളർഷിപ്പുകൾ കലൂർ റിന്യൂവൽ സെന്ററിൽ വിതരണം ചെയ്യുകയായിരുന്നു മാർ എടയന്ത്രത്ത്.

ജോലി ലഭിക്കുക എന്നതു മാത്രമാവരുത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ജീവിതത്തിൽ ആവശ്യമായ മൂല്യങ്ങൾ പരിശീലിക്കാൻ പഠനകാലഘട്ടം നിമിത്തമാവണം. സത്യസന്ധതയുള്ള വ്യക്തിത്വങ്ങളിൽ ദൈവീകസാന്നിധ്യമുണ്ട്. അവരെ സമൂഹം ആദരിക്കും. മാതാപിതാക്കളെ കൂടുതൽ സ്നേഹിക്കാനും ആദരിക്കാനും പുതിയതലമുറക്കു കഴിയണം. ടെലിവിഷൻ ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ തെറ്റായ സ്വാധീനം പെൺകുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. പുതിയകാലത്തെ ജീവിതം ഏറെ സങ്കീർണതകൾ നിറഞ്ഞതാണ്. എങ്കിലും ആർജിച്ചെടുക്കുന്ന അറിവും അനുഭവവും കൂട്ടായ്മയും ദൈവസ്നേഹവും കൊണ്ടു ജീവിതത്തെ സുന്ദരമാക്കാൻ നമുക്കാവും. മനുഷ്യർ തമ്മിൽ പരസ്പരം സഹായിക്കുന്ന ശീലം ഇന്നും തുടരുന്നതുകൊണ്ടാവണം സമൂഹം ഒരളവുവരെയെങ്കിലും നേരായ ദിശയിൽ നിലനിന്നു പോവുന്നത്. നമ്മുടെ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഏതു വസ്തുവും നിർമ്മിക്കപ്പെട്ടിട്ടുള്ളത് മറ്റുള്ളവരുടെ സഹായമനോഭാവത്തിന്റെ കൂടി ഫലമായാണെന്നും മാർ എടയന്ത്രത്ത് ഓർമിപ്പിച്ചു.

## ജാഗ്രതാ വാർത്ത

## കുറ്റകൃത്യനിരക്കിൽ കേരളം ഒന്നാമത്

കൊലപാതകം, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ യുള്ള കുറ്റകൃത്യങ്ങൾ, സാമ്പത്തിക കുറ്റങ്ങൾ തുടങ്ങി ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ (ഐപിസി) പരിധിയിൽ വരുന്ന കുറ്റങ്ങളുടെ നിരക്കിൽ 2010 ൽ, സംസ്ഥാനങ്ങളിൽ കേരളവും കേന്ദ്രഭരണ പ്രദേശങ്ങളിൽ പുതുച്ചേരിയും ഒന്നാമതെന്നു നാഷനൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട്. ഐപിസി കുറ്റങ്ങളുടെ നിരക്കിൽ രാജ്യത്തെ മഹാ നഗരങ്ങളിൽ കൊച്ചിയാണ് ഒന്നാമത്.

എന്നാൽ, ജനസംഖ്യയ്ക്ക് ആനുപാതികമായുള്ള കുറ്റകൃത്യങ്ങളുടെ തോതനുസരിച്ചുള്ളതാണ് സംസ്ഥാനങ്ങളുടെയും മഹാനഗരങ്ങളുടെയും പട്ടികയെന്നും അതിനെമാത്രം ആശ്രയിച്ച് ഏതെങ്കിലും സംസ്ഥാനത്തെ സ്ഥിതി വിലയിരുത്താനാവില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. ഒരു ലക്ഷം പേർക്ക്–എത്ര കുറ്റങ്ങൾ എന്ന അനുപാതത്തിലാണു കുറ്റകൃത്യ നിരക്കിന്റെ പട്ടിക തയാറാക്കുന്നത്.

കഴിഞ്ഞ വർഷം കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഐപിസി കുറ്റങ്ങൾ മൊത്തം 1,48,313. മൊത്തം ജനസംഖ്യ 3.497 കോടി. അപ്പോൾ കുറ്റകൃത്യ നിരക്ക് 424.1. എന്നാൽ, രാജ്യത്തെ മൊത്തം കുറ്റകൃത്യങ്ങളിൽ 6.7 ശതമാനമാണു കേരളത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഒന്നാമതു മധ്യപ്രദേശാണ്. എങ്കിലും ജനസംഖ്യയ്ക്ക് ആനുപാതികമായി നോക്കുമ്പോൾ കുറ്റകൃത്യ നിരക്കിൽ മധ്യപ്രദേശ് നാലാം സ്ഥാനത്താണ്. സൈബർ കുറ്റങ്ങൾ റജിസ്റ്റർ ചെയ്ത സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം 142 കേസുകളുമായി രണ്ടാം സ്ഥാനത്താണ്.

ജനസംഖ്യയ്ക്ക് ആനുപാതികമായി കലാപക്കേസുകൾ ഏറ്റവും കൂടുതലുണ്ടായതു കേരളത്തിലാണ് – 8724 എണ്ണം. രാജ്യത്ത് കഴിഞ്ഞ വർഷം പതിനായിരത്തിലധികം ഐപിസി കേസുകൾ റജിസ്റ്റർ ചെയ്ത 23 പൊലീസ് ജില്ലകളുണ്ട്. അതിൽ, 25,735 കേസുകളുമായി എറണാകുളം മൂന്നാം സ്ഥാനത്തുണ്ട്. എറണാകുളം റൂറൽ(16), കൊല്ലം(17), തൃശൂർ(18), പാലക്കാട്(21) എന്നിവയും പട്ടികയിലുൾപ്പെടുന്നു.

സംസ്ഥാനത്തു കഴിഞ്ഞ വർഷം 3978 സാമ്പത്തിക കുറ്റകൃത്യങ്ങൾ റജിസ്റ്റർ ചെയ്യപ്പെട്ടു. ജനസംഖ്യയ്ക്ക് ആനുപാതികമായി നോക്കുമ്പോൾ മഹാനഗരങ്ങളിൽ കൊച്ചിയിലെ കുറ്റകൃത്യ നിരക്ക് 1897.8 ആണ്. കൊച്ചിയിൽ 2009നെ അപേക്ഷിച്ച് 193.7 ശതമാനം വർധനയാണു കഴിഞ്ഞ വർഷമുണ്ടായത്. മിക്ക മഹാനഗരങ്ങളിലുംതന്നെ കുറ്റകൃത്യ നിരക്ക് ഗണ്യമായി കുറഞ്ഞപ്പോൾ കൊച്ചിയിൽ ഇങ്ങനെ സംഭവിച്ചതിന്റെ കാരണങ്ങളെക്കുറിച്ചു റിപ്പോർട്ടിൽ പരാമർശമില്ല. രാജ്യത്ത് കുറ്റകൃത്യങ്ങളുടെ തോതിൽ അഞ്ചു ശതമാനം വർധനയാണു കഴിഞ്ഞ വർഷമുണ്ടായത്.

## ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ

പത്തൊൽപതാം നൂററാണ്ടിന്റെ ആദ്യകാലങ്ങളിലാണ് നാട്ടകാരായ കത്തോലിക്കരുടെയിടയിൽ സന്യാസ ജീവിതത്തിന് പ്രോത്സാഹനം ലഭിച്ചത്. ചരിത്രപരമായി വീക്ഷിക്കുമ്പോൾ അതൊരു നവോത്ഥാനം തന്നെയായിരുന്നു. കർമ്മീലീത്താ മിഷനറിമാരാണ് ഈ പ്രസ്ഥാനത്തിന് പ്രചോദനവും പ്രോത്സാഹനവും നല്കിയത്. 1831-ൽ മാന്നാനം കേന്ദ്രമാക്കി പ്രസിദ്ധമായ സുറിയാനി കർമ്മലീത്ത സന്യസ സഭ സ്ഥാപിതമായി. കൈനകരി ഇടവക്കാരനായ ചാവറ കുര്യാക്കോസ് ഏലിയാസ് പട്ടക്കാരൻ അവരിൽ പ്രമുഖനായിരിന്നു. അദ്ദേഹം ഈ പുതിയ സന്യാസി സമൂഹത്തിനുവേണ്ടി വ്യവസ്ഥകൾ ഉണ്ടാക്കി നടപ്പാക്കുകയും ജീവിതാന്ത്യംവരെയും അതിന്റെ അദ്ധ്യക്ഷൻ (പ്രിയോർ) ആയിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെകാലത്ത ഈ സന്യാസി സമൂഹത്തിന് പല ശാഖാഭവനങ്ങൾ ഉണ്ടായി. അങ്ങനെ അദ്ദേഹം സമുദായ സേവനത്തിന് സന്മനസ്സും സമയവും സന്നദ്ധതയുമുള്ള ഒരു സമൂഹത്തെ വാർത്തെടുത്തു. അത് ക്രിസ്തുമതവിശ്വാസികൾക്ക് 19-ാം നൂററാണ്ടിലുണ്ടായ ഏറ്റവും വലിയ നേട്ടമായിരുന്നു.

കർമ്മലീത്താ സന്യാസി സഭയുടെ ആദ്യത്തെ പ്രിയോർ ആയിരുന്ന ചാവറ അച്ചൻ കുറെക്കാലം വരാപ്പുഴ അതിരൂപതയുടെ വികാരി ജനറാൾ സ്ഥാനവും വഹിച്ചിരുന്നു. 1865-ൽ അദ്ദേഹം പള്ളികൾക്ക് ഒരു സർക്കുലർ അയച്ചതായി കാണുന്നു. ഇടവകകൾ തോറും വിദ്യാലയങ്ങൾ സ്ഥാപിക്കണമെന്നും അല്ലാത്തപക്ഷം പള്ളി മുടക്കു കല്പിക്കുമെന്നും ആയിരുന്നു സർക്കുലറിന്റെ ഉള്ളടക്കം. എല്ലാ കത്തോലിക്കാ ദൈവാലയങ്ങളോടും അനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കയെന്നത് മതപരമായ ഒരു ചുമതലയായിരുന്നു. നിർബന്ധിത വിദ്യാഭ്യാസ പരിപാടിയുടെ പ്രഥമപടിയായി ചാവറയച്ചന്റെ സർക്കുലർ കണക്കാക്കം. പള്ളിയോടുചേർന്നു സ്ഥാപിക്കുന്ന കൊണ്ടാണ് (പള്ളിക്കൂടം) എന്ന് പേരുണ്ടായത്. നേരത്തേതന്നെ വിദ്യാലയങ്ങൾ പലേടത്തും സ്ഥാപിച്ചിരുന്നെങ്കിലും വിദ്യാലയ പ്രസ്ഥാനം സാർവത്രികമാകുന്നതിന് ഈ സർക്കുലർ കാരണമായി. ചാവറയച്ചൻ മാന്നാനത്ത് ഒരു സംസ്കൃത സ്കൂൾ സ്ഥാപിച്ചു. അതു കൂടാതെ അധ:കൃതരുടെ വിദ്യാഭ്യാസാർത്ഥം പ്രത്യേക സ്ഥാപനങ്ങൾ നടത്തുകയും ചെയ്തു. ഇടവക വിദ്യാലയങ്ങളിൽ പഠിച്ചു ജയിക്കുന്നവർക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതിനായി കൊച്ചിയിൽ സാന്റുക്രൂസ് ഹൈസ്കൂളും, മാന്നാനത്ത് സെന്റ് ഇപ്രേംസ് ഹൈസ്കൂളും സ്ഥാപിച്ചു.

സുറിയാനിഭാഷയിൽ അഗാധമായ പാണ്ഡിത്യം നേടിയിരുന്ന ചാവറയച്ചൻ സംവിധാനം ചെയ്ത ഏകീകൃതമായ ആരാധനക്രമമാണ് ഇന്നും കേരളത്തിലെ സുരിയാനിക്കാരുടെയിടയിൽ നടപ്പിലിരിക്കുന്നത്. തുക്കാസ, ദു:ഖശനിയാഴ്ച ക്രമം വൈദീകരുടെ കാനോനാ നമസ്കാരം മുതലായവ ചാവറ അച്ചൻ ഏർപ്പെടുത്തിയ ആരാധനാക്രമങ്ങളാണ്. ചാവറ അച്ചൻ അക്കാലത്തെ മഹാപുരുഷന്മാരിൽ ഒരാളായി വേണം കണക്കാക്കുവാൻ. അദ്ദേഹം അത്രയ്ക്ക് ആദരണീയനായിരുന്നു.

മലയാള ലിപിയിൽ അച്ചടിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഉള്ള കേരളത്തിലെ മൂന്നാമത്തെ സ്ഥാപനമായിരുന്നു മാന്നാനത്തെ സെന്റ് ജോസഫ്സ് പ്രസ്സ്. 1844-ലാണ് ഇത് സ്ഥാപിതമായത്. കത്തോലിക്കരുടെ മതപരമായ ഗ്രന്ഥങ്ങൾ അച്ചടിക്കുന്നതിന് ഒരു മുദ്രാലയം ആവശ്യമായിത്തീർന്നു. 1844-ലാണ് ഇത് സ്ഥാപിച്ചത് . പ്രസ്സ് സ്ഥാപിക്കാനുണ്ടായ വൈഷമ്യങ്ങളെപറ്റി ചാവറയച്ചൻ പിന്നീട് രേഖപ്പെടുത്തുകയുണ്ടായി. പ്രിയോർ തന്റെ 'നാളാഗമം' എന്ന കൃതിയിൽ ഇങ്ങനെ പ്രസ്താവിച്ചിട്ടുണ്ട്. "രണ്ടുകുറി ഞാൻ ഏറിയ ആഗ്രഹത്തോടെ കോട്ടയത്തു ചെന്നാറെ അവരു കാട്ടിയതുമില്ല. പിന്നെ കേൾവിയാലും കണ്ടവരു പലരോടു ചോദിച്ചു വേലകൾ ഓരോന്നു നടത്തി".

ചാവറ അച്ചൻ തിരുവനന്തുപുരം സർക്കാർ അച്ചടിശാലയിലെ പ്രസ്സിന്റെ ഒരു മാതൃക വാഴപ്പിണ്ടികൊണ്ടുണ്ടാക്കി ഒരു ആശാരിയെ കാണിച്ചു. ആ ആശാരി നിർമ്മിച്ച മരപ്രസ്സാണ് മാന്നാനം അച്ചടിശാലയിലെ ഒന്നാമത്തെ അച്ചടിയന്ത്രം. ഒരു പാണ്ടിത്തട്ടാന്റെ സഹായത്തോടെ അക്ഷരങ്ങൾ ചതുരവടിവിൽ വാർത്തെടുത്തു. ബോംബയിൽ പോയി പരിശീലനം ലഭിച്ച ഒരു കൊച്ചീക്കാരൻ യൂദൻ ബയിന്റിംഗിന്റെ ചുമതലക്കാരനായി. ഇന്ന് കൈരളീ മുദ്രണാലയങ്ങളുടെ നടുനായകനായി ശോഭിക്കന്ന മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിന്റെ ആരംഭകഥയാണിത്.

വിശ്രമരഹിതമായ ഈ കൃത്യനിർവഹണത്തോടൊപ്പം അദ്ദേഹം സാഹിത്യ പരിപോഷണത്തിനും സാഹിത്യരചനയ്ക്കും സമയം കണ്ടെത്തി.

## പാഠപുസ്തകത്തിലെ പ്രത്യയശാസ്ത്രം

പത്താംക്ലാസിലെ സാമൂഹ്യശാസ്ത്ര പാഠപുസ്തകത്തിൽ ചരിത്രയാഥാർത്ഥ്യങ്ങൾക്കു നിരക്കാത്തതായി പലതും കടന്നു കൂടിയിരുന്നു. അതു പൊതുശ്രദ്ധയിൽ കൊണ്ടുവരുകയും വിദ്യാഭ്യാസവകുപ്പ് അന്വേഷണസമിതിയെ വച്ചു ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിച്ചു. നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പാഠപുസ്തകത്തിൽ മാററങ്ങൾ വരുത്താൻ സർക്കാർ തയ്യാറായി. എന്നാൽ സഭ ചരിത്രം തിരുത്താൻ നോക്കുന്നുവെന്നും സ്വാധീനം ഉപയോഗിച്ച് തങ്ങളുടെ തെറ്റുകൾ വെള്ളപൂശാൻ പരിശ്രമിക്കുന്നുവെന്നും ആണ് പാഠപുസ്തകം രൂപപ്പെടുത്തിയവരുടെ പരാതി.

എന്തായിരുന്നു പാഠപുസ്തകത്തെക്കുറിച്ച് കെ.സി.ബി.സി വിദ്യാഭ്യാസകമ്മീഷന്റെ നേതൃത്വത്തിൽ ഉയർത്തിക്കൊണ്ടുവന്ന പരാതി ? പാഠപുസ്തകങ്ങൾ തങ്ങളുടെ പ്രത്യയശാസ്ത്ര പ്രചരണത്തിനായി ചിലർ ബോധപൂർവ്വം ഉപയോഗിക്കുന്നു. അതിനുവേണ്ടി സഭയെ മുതലാളിത്തത്തിന്റെ വക്താക്കളായും വിജ്ഞാന വിരോധികളായും പുരോഗമനത്തിനു പുറം നില്ക്കുന്നവരായും ചിത്രീകരിക്കുന്നു. അങ്ങനെ എതിർക്കപ്പെടേണ്ട ഒരു ശത്രുപക്ഷത്തെ പ്രത്യയശാസ്ത്രപ്രകാരം സഭയെ പ്രതിഷ്ടിക്കാനുള്ള ശ്രമമാണ് പാഠപുസാതകത്തിലൂടെ നടത്തിയത്. അതോടൊപ്പം തന്നെ കമ്മ്യൂണിസത്തെ മഹത്വീകരിക്കാനും അതിന്റെ ക്രൂരതകൾ മറച്ചുവെക്കാനുമുള്ള തന്ത്രങ്ങളും പാഠപുസ്തകത്തിൽകാണുന്നു. ഈ ഒരു നിലപാടിൽ നിന്നു കൊണ്ടു പാഠപുസ്തക രചന നടത്തിയതു കൊണ്ടു തന്നെ യാഥാർത്ഥ്യങ്ങൾക്കുനിരക്കാത്ത പല കാര്യങ്ങളും ചരിത്രമായി അവതരിപ്പിക്കപ്പെടുന്നു. ഇതാണ് കത്തോലിക്ക സഭ വെളിച്ചത്തു കൊണ്ടുവന്നത്.

തെറ്റും തെറ്റിദ്ധാരണകളും നിറഞ്ഞ പാഠപുസ്തകത്തിൽപ്പറയുന്ന ചിലകാര്യങ്ങൾ "ഫ്യൂഡൽ കാലഘട്ടത്തിൽ യൂറോപ്പിൽ വിജ്ഞാന തൃഷ്ണയുടെയും യുക്തി ചിന്തയുടെയും മേൽ കത്തോലിക്കാസഭ കർശന നിയന്ത്രണമേർപ്പെടുത്തിയിരുന്നു" (പേജ് 10). ഈ കാലഘട്ടത്തിൽ യൂറോപ്പിൽ ഉണ്ടായിരുന്ന 60 യൂണിവേഴ്സിറ്റികളും കത്തീഡ്രൽ കേന്ദ്രമാക്കിയും ആശ്രമങ്ങൾ കേന്ദ്രമാക്കിയും ആയിരുന്നു എന്നാണു ചരിത്രം. അതിനെയാണു പ്രത്യയശാസ്ത്രം കൊണ്ടു കണ്ണുമങ്ങിയവർ കണ്ടില്ലെന്നു നടിക്കുകയും സഭയെ വിജ്ഞാനവിരോധികളായി ചിത്രീകരിക്കുകയും ചെയ്യുന്നത്. നവോത്ഥാനത്തെക്കുറിച്ചു പറയുമ്പോൾ ഗ്രേക്കോറോമൻ സംസ്ക്കാരങ്ങൾക്ക് കത്തോലിക്കസഭ വിലക്കേർപ്പെടിത്തിയിരുന്നുവെന്നു പറയുന്നു (പേജ് 12). എന്നാൽ ഗ്രീക്കുതത്വശാസ്ത്രജ്ഞനായ അരിസ്റ്റോട്ടലിന്റെയും പ്ലേറ്റോയുടെയും യുക്തി ചിന്തകളെ അടിസ്ഥാനമാക്കിയാണ് ദൈവശാസ്ത്രചിന്തകളും പുസ്തകങ്ങളും അക്കാലത്തു രൂപപ്പെട്ടതെന്നാണു ചരിത്രം. കേരളചരിത്രം പറയുമ്പോഴും ഈ പ്രത്യയശാസ്ത്ര അദ്ധതവ്യക്തം. ഭൂമിനഷ്ടപ്പെട്ട ജന്മിമാരും അദ്ധ്യാപകനിയമനാധികാരം നഷ്ടപ്പെട്ട മാനേജർമാരും സർക്കാരിനെതിരെ ശബ്ദമുയർത്തി(പേജ് 130). 1957-ലെ വിദ്യാഭ്യാസ ബില്ലിലെ അദ്ധ്യാപകനിയമനം സർക്കാർ ഏറ്റെടുക്കുന്ന നിലപാട് സുപ്രീം കോടതി റദ്ദു ചെയ്തത് അറിയാത്തവരാണ് പാഠപുസ്തക രചന നടത്തിയ ചരിത്രകാരന്മാർ എന്നു കാണുമ്പോൾ ലജ്ജതോന്നുന്നു. അതുകൊണ്ടു തന്നെ ഒരിക്കലും അദ്ധ്യാപകനിയമനം നഷ്ടപ്പെട്ടിട്ടില്ല എന്ന യാഥാർത്ഥ്യം മറയ്ക്കാനും ശ്രമിക്കുന്നു.

പാഠപുസ്തകം പഠിക്കുന്ന കുട്ടികളിൽ ക്രൈസ്തവ വിരോധം ജനിപ്പിക്കുക എന്നതാണ് പ്രത്യയശാസ്ത്രക്കാരുടെ തന്ത്രം. അതിനുവേണ്ടി ക്രൈസ്തവരുടെമേൽ ഇല്ലാത്തകുറ്റങ്ങളെല്ലാം ആരോപിക്കുന്നു; ചരിത്രം വളച്ചൊടിക്കുന്നു. ഒപ്പം ശ്രദ്ധിക്കേണ്ട കാര്യം കമ്മ്യൂണിസത്തെ മഹത്വീകരിക്കുകയും രണ്ടു ലോകമഹായുദ്ധങ്ങളിൽ കൊന്നൊടുക്കപ്പെട്ടവരേക്കാൾ കൂടുതൽപേരെ കൊന്നൊടുക്കിയ കമ്മ്യൂണിസ്റ്റുസർവ്വാധിപതികളുടെ തിന്മകൾ മറക്കുകയും ചെയ്യുന്നു. വിഡ്ഢിത്വം പറയുന്നത് ഒരുപക്ഷെ അവഗണിച്ചേക്കും. എന്നാൽ വിഡ്ഢിത്വവും പ്രത്യയശാസ്ത്രവും പാഠപുസ്തകങ്ങളിലൂടെ പ്രചരിപ്പിക്കാമെന്ന നിലപാട് അംഗീകരിക്കാനാവില്ല.

റവ. ഫാ. ഫിലിപ്പ് നെല്പുരപറമ്പിൽ

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org **Blog:** jagrathakcbc.blogspot.com
**Designed and Edited by** , Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA